## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*227.** **17.06.2019 ൽ മറുപടിയ്ക്ക്**

### കള്ളുചെത്ത് വ്യവസായത്തെ പുനരുദ്ധരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ.ഡി. പ്രസേനൻ<br>,, കെ. ദാസൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന മദ്യനയം പരമ്പരാഗത തൊഴിൽ മേഖലയിൽ പ്രമുഖമായിരുന്ന കള്ളുചെത്തു വ്യവസായത്തെ പുനരുദ്ധരിക്കാൻ എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ട്; | (എ) | പരമ്പരാഗത വ്യവസായമെന്ന നിലയിൽ കള്ളുചെത്തുവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികളാണ് ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിലൂടെ നടപ്പിലാക്കി വരുന്നത്. പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ കള്ളുഷാപ്പുകൾ വില്പനയിലൂടെ ലൈസൻസ് ചെയ്തു നൽകുകയും വിൽപ്പനയിൽ പോകാത്ത കള്ള്ഷാപ്പുകൾ പകുതി റെന്റൽ തുക വരെ ഈടാക്കി വിൽപ്പന നടത്തുകയും തുടർന്ന് ബാക്കി വന്ന കള്ള്ഷാപ്പുകൾ ഷാപ്പ് ഒന്നിന് 500/- രൂപാ നിരക്കിൽ കള്ള് മേഖലയിലെ തൊഴിലാളി യൂണിയനുകൾക്ക് ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.<br>കൂടാതെ കള്ള്ചെത്ത് വ്യവസായവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുന്നതിനും, ശുദ്ധമായ കള്ള് ചെത്തിയെടുക്കുന്നതിൽ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ട് സംസ്ഥാനത്ത് ടോഡി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | ആരോഗ്യത്തിന് ഹാനികരമായ വീര്യമേറിയ മദ്യത്തിന്റെ ഉപഭോഗത്തിൽ നിന്നും മദ്യപാനികളെ വികർഷിക്കുന്നതിനും വിനോദ സഞ്ചാരത്തിനും പ്രോത്സാഹജനകമാക്കുന്ന രീതിയിൽ കള്ളു ഷാപ്പുകളെ ആധുനീകരിക്കുന്നതിനും | (ബി) | വിനോദസഞ്ചാര വികസനത്തിന് ഉതകുന്ന മദ്യനയമാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. കള്ള്ഷാപ്പ് മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള വൈവിധ്യമാർന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്രിമ കള്ളിന്റെ നിർമ്മാണവും വിതരണവും വിപണനവും ഇല്ലാതാക്കുന്നതിന് ഉപയുക്തമായ ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ എക്സൈസ് വകുപ്പ് കൈക്കൊണ്ടുവരുന്നു. |

| | | | |
|---|---|---|---|
| | കൃത്രിമക്കള്ളിന്റെ നിർമ്മാണവും വിതരണവും വിപണനവും ഇല്ലാതാക്കുന്നതിനും വേണ്ട ഇടപെടൽ ഉണ്ടാകുമോ; | | |
| (സി) | വ്യാജമദ്യം ഇല്ലാതാക്കുന്നതിനും വീര്യം കൂടിയ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനും സർക്കാർ നടത്തിവരുന്ന പ്രചാരണ പ്രവർത്തനവും എൻഫോഴ്സ്മെന്റ് ശാക്തീകരണവും വിശദമാക്കാമോ? | (സി) | എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ വിവിധ മേഖലകളിലെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. ലഹരി വർജ്ജനത്തിലൂടെ ലഹരി വിമുക്തമായ ഒരു നവ കേരളം സൃഷ്ടിക്കുക എന്നതാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' യുടെ ഉദ്ദേശലക്ഷ്യം. ലഹരിക്ക് അടിമപ്പെട്ടവർക്കും ആയതിൽനിന്നും മോചനം ആഗ്രഹിക്കുന്നവർക്കും സൗജന്യ കൗൺസലിംഗ് നൽകുന്നതിന് വേണ്ടി 3 കൗൺസലിംഗ് സെന്ററുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. സ്കൂൾ-കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരി വിരുദ്ധ ആശയങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുന്നതിന് വിവിധ കലാകായിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ലഹരി ഉപഭോഗത്തിനെതിരെയുള്ള സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രദർശന പവലിയനുകൾ തയ്യാറാക്കുന്നുണ്ട്. ഇതിനൊപ്പം ആരോഗ്യവകുപ്പുമായി സഹകരിച്ചു കൊണ്ട് 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ച് കിടത്തി ചികിത്സയ്ക്ക് അടക്കമുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ